**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301** **12-10-2021 - ൽ മറുപടിയ്ക്ക്**

**ക്രിപ്റ്റോ കറൻസി നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020 മാർച്ച് 4 ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ vs ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഇന്ത്യ റിട്ട് പെറ്റീഷൻ നമ്പർ 528/2018 കേസിൽ സുപ്രീംകോടതി ക്രിപ്റ്റോ കറൻസിയെ നിക്ഷേപങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയും റിസർവ്വ് ബാങ്കിന് ക്രിപ്റ്റോ കറൻസി ഇടപാടുകൾ തടയുവാൻ അധികാരമില്ലെന്ന് അന്തിമവിധി പുറപ്പെടുവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 06/04/2018 ലെ സർക്കുലറിലൂടെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് വെർച്വൽ കറൻസികളിൽ വിനിമയം നടത്തുന്നതിനും ആയതുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങൾ നൽകുന്നതിനും വിലക്ക് ഏർപ്പെടുത്തിയിരുന്നു. ടി സർക്കുലർ WP(Civil) No.528/2018 ലെ വിധിന്യായത്തിലൂടെ ബഹു.സുപ്രീം കോടതി റദ്ദാക്കിയിരുന്നു.രാജ്യത്ത് വെർച്വൽ കറൻസി നിരോധിച്ചിട്ടില്ലായെന്ന കാരണമാണ് പ്രധാനമായും ടി വിധിന്യായത്തിന് അടിസ്ഥാനം. കേന്ദ്രസർക്കാർ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താത്തതും വിധിന്യായത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൻറെ തുടർനടപടികളും തീരുമാനങ്ങളും നിർണായകമാണ്. |
| (ബി) | കേന്ദ്രസർക്കാർ ക്രിപ്റ്റോ കറൻസി നിക്ഷേപങ്ങളിന്മേൽ ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് ചുമത്തുവാനും സ്വന്തമായി ഡിജിറ്റൽ കറൻസിയിറക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ സംസ്ഥാനം ഈ വിഷയത്തിന്മേൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനം ഈ വിഷയത്തിൽ പഠനമൊന്നും നടത്തിയിട്ടില്ല |
| (സി) | സർക്കാർ ഉദ്യോഗസ്ഥർ ഓഹരി നിക്ഷേപം പ്രോപ്പർട്ടി റിട്ടേൺസിൽ ഉൾപ്പെടുത്തുന്നതുപോലെ ക്രിപ്റ്റോ കറൻസി നിക്ഷേപവും പ്രോപ്പർട്ടി റിട്ടേൺസിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ; വ്യക്തമാക്കുമോ? | (സി) | 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 37-39 വരെയാണ് പ്രോപ്പർട്ടി റിട്ടേൺസ് ഫയൽ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയത് ഫയൽ ചെയ്യേണ്ടത് സംബന്ധിച്ച പ്രൊഫോർമ 14-12-2010-ലെ സ.ഉ.(പി) നം. 39/ 2010/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊഫോർമയിലെ പാർട്ട് III (Movable |

| | | | |
|---|---|---|---|
| | | | Properties) ക്രിപ്റ്റോ കറൻസി-യെ കുറിച്ച് പ്രതിപാദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ